# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7753

23-07-2012 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി.സി.വിഷ്ണുനാഥ് :
ശ്രീ. സി.പി. മുഹമ്മദ് :

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി)

എ) എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും കാലാനുസൃതമായ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

ബി) ഉദ്യോഗസ്ഥരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ അന്വേഷണത്തിനുള്ള അഭിരുചി വളർത്തുന്നതിനും പരിശീലന പരിപാടി ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ എക്സൈസ് കേസുകളിലെ കുറ്റവാളികളെ സമയബന്ധിതമായി കണ്ടെത്തി ശിക്ഷാ നടപടിയ്ക്ക് വിധേയമാക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ?

എ) യും ബി) യും സി) യും

എക്സൈസ് അക്കാദമിയുടെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തനക്ഷമമമാകുന്നതോടെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായി ശാസത്രീയ അന്വേഷണത്തിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ